## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2938** **22.6.2012-ൽ മറുപടിക്ക്**

**അങ്കമാലിയിലെ ഗതാഗതക്കുരുക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | അങ്കമാലി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി മുൻസിപ്പൽ അഡ്വൈസറി കമ്മിറ്റി എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുളളത്; | എ) | **11.07.2011-ലെ ട്രാഫിക്ക് അഡ്വൈസറി കമ്മിറ്റി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു**<br>(1) കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് മുതൽ എൽ.എഫ് ഹോസ്പിറ്റലിന്റെ കവാടം വരെ വൺസൈഡ് പാർക്കിംഗ് നിരോധിക്കാൻ തീരുമാനിച്ചു. ആയതിൽ എം.സി റോഡിന്റെ ആരംഭം മുതൽ എൽ.എഫ് ഹോസ്പിറ്റലിന്റെ ആദ്യകവാടം വരെ ഇരുവശങ്ങളിലും പാർക്കിംഗ് നിരോധിക്കുവാൻ തീരുമാനിച്ചു.<br>(2) നവ്യ ബേക്കറിയ്ക്കു മുമ്പിൽ ഒറ്റവരി പാർക്കിംഗ് നടപ്പിലാക്കുന്നതിന് പാർക്കിംഗ് ലൈനുകൾ മാർക്ക് ചെയ്യുവാൻ തീരുമാനിച്ചു.<br>(3) പഴയ മാർക്കറ്റ് റോഡിലേയ്ക്ക് എൻ.എച്ച് റോഡിൽ നിന്നും പ്രവേശന അനുമതി നൽകികൊണ്ട് ഒറ്റവരി ഗതാഗതം ആക്കുന്നതിന് തീരുമാനിച്ചു. (ടുവീലറുകളേയും ത്രീവീലറുകളേയും ആയതിൽനിന്നും പരീക്ഷണാർത്ഥം 15 ദിവസത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്.) എന്നാൽ ത്രീവീലറുകളുടെ ഇരുവശത്തേയ്ക്കുമുള്ള ഗതാഗതം മറ്റ് വാഹനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പക്ഷം ആയത് അടുത്ത കമ്മിറ്റിയിൽ പുന: പരിശോധിക്കുവാനും, ടി.ബി.ജംഗ്ഷനിൽ പോലീസിനെ |

നിയോഗിക്കുവാൻ തീരുമാനിച്ചു.

(4) മഞ്ചേശ്വര ജംഗ്ഷനിൽ നിന്ന് ടി.ബി റോഡിലെ എൽ.എഫ് ഹോസ്പിറ്റലിന്റെ ഭാഗത്തേയ്ക്ക് ഗുഡ്സ് വെഹിക്കിളിന് പ്രവേശന അനുമതി നിരോധിച്ചു.

(5) സുഗമമായ ഗതാഗതത്തിന് തടസ്സമാകുന്ന എല്ലാ പരസ്യ ബോർഡുകളും പോലീസിന്റേയും, നഗരസഭയുടേയും സംയുക്താഭിമുഖ്യത്തിൽ നീക്കം ചെയ്യുന്നതിന് തീരുമാനിച്ചു.

(6) ഓട്ടോസ്റ്റാന്റ് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് കൗൺസിൽ തീരുമാനത്തിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

(7) ബസ്സ്റ്റോപ്പുകളിൽ നിന്ന് യാത്രക്കാരെ കയറ്റിയ ശേഷം ബസുകൾ ഉടനെ സ്റ്റോപ്പിൽ നിന്ന് പോകുന്നതിന് ബസുടമകളെ അറിയിക്കാൻ ബസ് സംഘടനാ നേതാക്കളെ ചുമതലപ്പെടുത്തി.

(8) എൻ.എച്ച് -ലെ സീബ്രാ ക്രോസ്സിംഗ് ലൈനുകൾ റീപെയിന്റ് ചെയ്യുന്നതിനും, നിലവിലെ എൻ.എച്ച് മീഡിയനിലെ ഗ്രില്ലുകൾ ഇല്ലാത്തിടത്ത് ആയത് പുനഃസ്ഥാപിക്കുവാൻ എൻ.എച്ച് അതോറിറ്റിയോട് ആവശ്യപ്പെടാനും തീരുമാനിച്ചു. മീഡിയനിൽ എവിടെയെല്ലാം ഓപ്പണിംഗ് നൽകുന്നത് സംബന്ധിച്ച് കൗൺസിൽ തീരുമാനത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.

(9) അങ്ങാടിക്കടവ് റോഡിൽ മാർക്കറ്റ് റോഡ് വരെ ടാങ്കർ ലോറി പാർക്കിംഗ്, പുതിയ മാർക്കറ്റ് റോഡിലുള്ള അനധികൃത പാർക്കിംഗ് നിരോധിക്കാൻ തീരുമാനിച്ചു.

(10) പൊതുജനങ്ങൾക്ക് ശല്യമുണ്ടാകുന്ന വഴിയോര/വാഹന കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിന് തീരുമാനിച്ചു.

(11) പാർക്കിംഗ്, വൺവേ സമ്പ്രദായം, നോ പാർക്കിംഗ് എന്നിവ സംബന്ധിച്ച സൂചന ബോർഡുകൾ അടിയന്തിരമായി സ്ഥാപിക്കാനും തീരുമാനിച്ചു.

| | |
|---|---|
| ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | ബി) പാർക്കിംഗിന്റെ കാര്യത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണക്കുറവ് കൊണ്ടാണ് കാലതാമസമുണ്ടാകുന്നത്. ടി തീരുമാനങ്ങളിൽ നഗരസഭയ്ക്ക് നടപ്പാക്കാവുന്ന മറ്റ് തീരുമാനങ്ങൾ പരിഹരിച്ചിട്ടുണ്ട് |
| സി) ഇത് എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | സി) പോലീസ്, ആർ ടി ഒ, എൻ.എച്ച് അതോറിറ്റി, പി.ഡബ്ള്യൂ.ഡി എന്നീ വകുപ്പുകളുടെ സഹകരണം ലഭിക്കുകയാണെങ്കിൽ ഒരു മാസത്തിനകം ടി തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നതാണ് |

സെക്ഷൻ ഓഫീസർ